# കവിയുടെ സ്പർശം

എം. എൻ. കാരശ്ശേരി



കവിയുടെ സ്പർശം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The birds of Europe, a painting by Unknown author. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കവിയുടെ സ്പർശം

പൊറ്റെക്കാട്ടിന്റെ കന്നിപ്രേമം കവിതയോടു തന്നെ. അദ്ദേഹം സാഹിത്യത്തിൽ അരങ്ങേറിയത് ഏതാനും കവിതകളുടെ സമാഹാരവുമായിട്ടാണ് (പ്രഭാത കാന്തി). എസ്. കെ.-യുടെ ആത്മകഥാപ്രധാനമായ നോവൽ ഒരു ദേശത്തിന്റെ മാത്രം കഥയല്ല, ഒരു കവി രൂപം പൂണ്ടു വരുന്നതിന്റെ കഥ കൂടിയാണ്.

സ്വന്തം അനുഭവങ്ങൾ ഗദ്യത്തിൽ വിവരിക്കുന്നതുകൊണ്ടുമാത്രം എസ്. കെ. തൃപ്തനാവുമായിരുന്നില്ല. തന്റെ ജീവിതത്തിലെ ഉന്മാദവും ഹർഷാവേശവും നിറഞ്ഞ ഏതാനും നിമിഷങ്ങൾ കവിതയിലേക്ക് മൊഴിമാറ്റം നടത്തുവാനുള്ള ഉത്ക്കടമായ അഭിനിവേശം എന്നും അദ്ദേഹത്തിൽ തുടിച്ചിരുന്നു. എങ്കിലും കഥാരചനയുമായി താരതമ്യപ്പെടുത്തി നോക്കിയാൽ വളരെക്കുറച്ച് കവിതകളേ അദ്ദേഹം എഴുതിയിട്ടുള്ളൂ. മൂന്ന് കവിതാസമാഹാരങ്ങൾ മാത്രം—'പ്രഭാത കാന്തി', 'പ്രേമശില്പി', പിന്നെ 'സഞ്ചാരിയുടെ ഗീതങ്ങ'ളും. കവിതാമാധ്യമത്തിന് ഏറെ പരിശുദ്ധി കല്പിച്ച ഒരെഴുത്തുകാരനാണ് എസ്. കെ. അദ്ദേഹത്തിന് കവിതാരചന ക്ഷേത്രത്തിലേക്ക് കടന്നുചെല്ലുന്നതു പോലെയോ, കൊടുമുടി കയറുന്നതുപോലെയോ ഉള്ള അനുഭൂതിയായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രജതജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് കേരളത്തിൽ സംഘടിപ്പിച്ച കവിതാ മത്സരത്തിൽ പൊറ്റെക്കാട്ടിന് ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട്—24-ാമത്തെ വയസ്സിലാണത്. പില്ക്കാലത്ത് ഇതേപ്പറ്റി അദ്ദേഹം 'ഭാഗ്യവിപര്യയം' എന്നു വിവരിക്കുകയുണ്ടായി. പദ്യരചനയിൽ ജന്മവാസനയും നല്ല കൈത്തഴക്കവും ഉള്ള മലയാളത്തിലെ ഒരു മുതിർന്ന കവിയും ഈ മത്സരത്തിന് എത്തിയിരുന്നു. പൊറ്റെക്കാട്ടിന്റെ ഭാഗ്യത്തിന്, സംഘാടകർ കൊടുത്ത 'ചർക്ക' എന്ന തലക്കെട്ട് അല്പം ബധിരത ബാധിച്ചിരുന്ന ആ കവി 'ചക്ക' എന്നാണ് കേട്ടത്!



ഉള്ളൂർ

പൊറ്റെക്കാട്ടിന്റെ കവിതകൾ ലളിതമാണ്, ഋജുവാണ്. ഭാവവിപര്യയം, ആക്ഷേപഹാസ്യം, നിഗൂഢമായ ആവിഷ്ക്കാരങ്ങൾ എന്നിവ ഒഴിവാക്കിക്കൊണ്ട് അദ്ദേഹം എഴുതുന്നു. പരിഹാസവും അദ്ദേഹത്തിന് പഥ്യമല്ല. മേച്ചിൽപുറങ്ങളിലും വിഷയവൈവിധ്യത്തിലും സങ്കേതങ്ങളിലും ഏറെ പരിമിതകളുള്ള കവിയാണദ്ദേഹം. കവിത എസ്. കെ.-യ്ക്ക് ഉദാത്ത ഭാവങ്ങളെ വിശിഷ്ട ശൈലിയിൽ അവതരിപ്പിക്കലാണ്. സംസ്കൃതപദങ്ങളോട് കലശലായ കമ്പമുണ്ട്—വിശേഷിച്ച് സമസ്തപദങ്ങളോട്. പ്രതാഃ സന്ധ്യ സുഗന്ധി, മഞ്ജുപുഷ്കര മഞ്ജൂഷ, കൈരവ കുമള സൂക്ഷ്മ ദശാന്തരേ തുടങ്ങിയ പ്രയോഗങ്ങളിൽ നീളെ ഈ കമ്പം കാണാം. ഇത് അദ്ദേഹത്തിന് മാത്രമായി ഉള്ളതല്ല; ഉള്ളൂർ, ശങ്കരക്കുറുപ്പ് തുടങ്ങിയ കവികളുടെ രചനകളിലൂടെ പ്രതിഷ്ഠിതമായിത്തീർന്ന പാരമ്പര്യത്തിന്റെ ഭാഗമാണ്. ആദ്യസമാഹാരമായ 'പ്രഭാതകാന്തി'യിൽ താരാട്ടിന്റെയും വഞ്ചിപ്പാട്ടിന്റെയും ഈണത്തിൽ എഴുതിയ കവിതകളുണ്ടെങ്കിലും കേക, മഞ്ജരി മുതലായ വൃത്തങ്ങൾക്കാണ് പ്രാമുഖ്യം. നല്ലൊരു ശതമാനം ഭാവഗീതങ്ങളുമാണ്. പ്രണയം, ദേശഭക്തി, പ്രകൃതിഭംഗി, കലാവിഷ്ക്കാരങ്ങൾ എന്നിവയാണ് നിരന്തരം പ്രത്യക്ഷപ്പെടുന്ന പ്രമേയങ്ങൾ. തീർത്തും കാല്പനികമനസ്കനാണ് എസ്. കെ. അദ്ദേഹത്തിന്റെ ചില ചെറുകഥകളുടെ തലക്കെട്ടുകൾ പോലും ഇപ്പറഞ്ഞതിന് തെളിവ് നല്കും—'നിശാഗന്ധി', 'ഏഴിലംപാല', 'രാജമല്ലി', 'ഹിമവാഹിനി', 'വനകൗമുദി' എന്നിങ്ങനെ. മൂന്നു കവിതാസമാഹരങ്ങളിലും മനോഹരമായ ബിംബങ്ങളോടൊപ്പം വിരിയുന്ന പ്രകൃതിദൃശ്യങ്ങൾ ധാരാളമായിക്കാണാം. ഒരു കവിതയിൽ നിശാസുന്ദരി സൂര്യതാപത്തിൽ ആകാശദുഗ്ധം തിളപ്പിച്ച് തൈര് കടയുമ്പോൾ ഊറിക്കൂടിയ വെണ്ണയായി ചന്ദ്രനെ സങ്കല്പിച്ചിരിക്കുന്നു. മറ്റൊരു ഭാവഗീതത്തിൽ നക്ഷത്രലിപികളാൽ വിരചിതമായ മനോഹരമായ കവിതയായി ആകാശത്തെ രൂപണം ചെയ്തിരിക്കുന്നു. കുങ്കുമവസ്ത്രധാരിയായ ഒരു ഭക്തൻ ആകാശക്ഷേത്രത്തിലേക്ക് കടന്നു ചെല്ലുന്നതിന്റെയും സമുദ്രത്തിന്റെ മഹാനിധികുംഭത്തിലേക്ക് ഒരു വെള്ളി നാണയം കാണിക്ക ഇടുന്നതിന്റെയും ചിത്രത്തിലൂടെയാണ് മറ്റൊരിടത്ത് അദ്ദേഹം സാന്ധ്യശോഭയെ അവതരിപ്പിക്കുന്നത്.

പൊറ്റെക്കാട്ട് അജയ്യമായ ശുഭാപ്തിവിശ്വാസത്തിന്റെ കവിയാണ്:

> മരണഗന്ധം കലർന്നതാണെങ്കിലു-
> മൊരു നിയമവുമേലാത്തതെങ്കിലും
> ഒരു നിരർത്ഥകസ്വപ്നമാണെങ്കിലും
> മധുരമാണെനിക്കെന്നുമിജ്ജീവിതം
>
> (എന്റെ ജീവിതം)

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു:

> കരിമുകിൽ മാത്രമല്ല കാർവില്ലുമു-
> ണ്ടരിയ വർഷകാലാന്തരീക്ഷത്തിലായ്
>
> (എന്റെ ജീവിതം)

ഒരു സഞ്ചാരി എന്ന നിലയിൽ അനുഭവിക്കാനിടയായ ഹർഷോന്മാദങ്ങളുടെ പുനരാവിഷ്ക്കാരമാണ് പ്രധാനമായും രണ്ടാമത്തെയും മൂന്നാമത്തെയും സമാഹാരങ്ങളിൽ കാണുന്നത്. കാശ്മീരിലെ മഞ്ഞണിഞ്ഞ കൊടുമുടികൾ, പച്ചച്ച താഴ്വാരങ്ങൾ, കരപല്ലവങ്ങളിൽ ദേവതകൾക്കുള്ള നിവേദ്യങ്ങളുമായി വന്നെത്തുന്ന ബാലിദ്വീപിലെ പെൺകിടാങ്ങളുടെ നൃത്തം, ഡാന്യൂബ് നദിയുടെ കരകളിൽ തമ്പടിച്ച ജിപ്സിക്കൂട്ടം—എല്ലാം അദ്ദേഹത്തിന്റെ ഭാവനയെ ഉദ്ദീപിപ്പിക്കുന്നു. ഡാന്യൂബിനെ പാവാടയുടുപ്പിക്കുന്ന പൈൻമരങ്ങൾ അദ്ദേഹത്തിന് കുത്തനെ നിന്ന് എരിയുന്ന വിളക്കുതിരികളാണ്. താജ്മഹൽ ചന്ദ്രികയിൽ ഘനീഭവിച്ചു പോയ ആർദ്രാനുരാഗത്തിന്റെ കിനാവാകുന്നു.

എസ്. കെ. രചിച്ച ഏതാനും ദീർഘകവിതകളിൽ പ്രധാനപ്പെട്ടത് 'പ്രേമശില്പി'യാണ്. ഈ രചനയിൽ ടിമൂർ എന്ന ചക്രവർത്തി, അദ്ദേഹത്തിന്റെ പ്രിയപത്നി, ഒരു ശില്പി എന്നിവരെ കേന്ദ്രമാക്കിയുള്ള ഐതിഹ്യത്തിലൂടെ ചരിത്രപരമായ ഒരിതിവൃത്തം അനാവരണം ചെയ്തിരിക്കുന്നു: ചക്രവർത്തിനി സ്വന്തം ഭർത്താവിനോടുള്ള ഗാഢപ്രണയത്തിന്റെ പ്രതീകമായി അതിമനോഹരമായ ഒരു കൊട്ടാരം പണിയാൻ ആഗ്രഹിക്കുന്നു. പടയോട്ടം കഴിഞ്ഞ് ചക്രവർത്തി തിരിച്ചെത്തുംമുമ്പേ അതിന്റെ പണി പൂർത്തിയാക്കാൻ അവർ തന്റെ നാട്ടിലെ പ്രശസ്തനായ ശില്പിയോടു ആജ്ഞാപിക്കുന്നു. പക്ഷേ, ഉമർ എന്നു പേരായ ആ യുവശില്പി ചക്രവർത്തിനിയുടെ സൗന്ദര്യാതിരേകത്തിൽ വ്യാമുഗ്ധാനായിപ്പോയിരുന്നു. അവരോടുള്ള അയാളുടെ മോഹാവേശം നിയന്ത്രണാതീതമായിത്തീരുകയും അത് ഒരു വിഷാദ ബാധയായി വളർന്നുകയറുകയും ചെയ്യുന്നു. ബീഗം അയാളെ വിളിപ്പിച്ച് ആലസ്യത്തിന്റെ കാരണം ആരായുന്നു. ഉമർ സത്യം തുറന്നു പറഞ്ഞു. ബീഗം അതു കേട്ട് ബേജാറായി. എത്രയും വേഗം കൊട്ടാരത്തിന്റെ പണി പൂർത്തിയാക്കാം എന്ന നിബന്ധനയിൽ ഒരു സായാഹ്നത്തിൽ തന്റെ കവിളിൽ ചുംബിക്കുവാൻ ചക്രവർത്തിനി ശില്പിക്ക് അനുവാദം നല്കി. ഉമർ വാക്കു പാലിച്ചു. വിജയശ്രീലാളിതനായി തിരിച്ചെത്തിയ ടിമൂർ പ്രണയത്തിന്റെ അടയാളം പോലെ വെട്ടിത്തിളങ്ങുന്ന ഗംഭീരമായ കൊട്ടാരം കണ്ട് ഏറെ സന്തുഷ്ടനായി. അദ്ദേഹം ആ രാത്രി പത്നിയോടൊപ്പം ആ കൊട്ടാരത്തിൽ താമസിച്ചു. പത്നിയുടെ കവിൾത്തടത്തിൽ ഒരു കറുത്ത അടയാളം ടിമൂർ കണ്ടെത്തി—അത്യഗാധമായ പ്രണയത്തോടെ ചുംബിച്ചതിനാൽ മായ്ച്ചു കളയാനാവാത്ത വിധം ബാക്കിയായ സ്നേഹത്തിന്റെ മുദ്ര! ബീഗം ഭർത്താവിനോട് സത്യം പറഞ്ഞു. ക്രുദ്ധനായ ടിമൂർ ശില്പിക്ക് ആളയച്ചു. ശിഷ്യനായ ബാലനോടൊപ്പം ടിമൂറിന്റെ കിടപ്പറയിലേക്കുള്ള കോണിപ്പടി കയറിവരുന്നതിനിടയിൽ പൊടുന്നനെ, വിചിത്രമായ മട്ടിൽ ഉമർ അപ്രത്യക്ഷനായി. ആ ബാലൻ ചക്രവർത്തിക്ക് അത്ഭുതസംഭവത്തിന്റെ രഹസ്യം വിവരിച്ചുകൊടുത്തു: കൊട്ടാരത്തിന്റെ താഴ്ഭാഗത്തു ശില്പി തനിക്കു വേണ്ടി ഒരു ശവക്കല്ലറ പണിതൊരുക്കിയിരുന്നു. അതിലേക്ക് അതിഗൂഢമായ ഒരു വഴിയും നിർമ്മിച്ചിരുന്നു. വിചിത്രമെന്നു പറയാം, കൊട്ടാരം ഒരു ശവകുടീരമായും ശില്പിക്ക് ചക്രവർത്തിനിയോടുള്ള ഗാഢപ്രണയത്തിന്റെ സ്മാരകമായും തീർന്നു! ഭാവഗീതിയുടെ മുഴക്കമുള്ള ശൈലിയിൽ എസ്. കെ. ഈ കഥ പറഞ്ഞിരിക്കുന്നു; ദൃശ്യഭംഗി വഴിഞ്ഞൊഴുകുന്ന പ്രകൃതിവർണ്ണനയിൽ അദ്ദേഹം ആണ്ടുമുങ്ങുകയും ചെയ്യുന്നു. 'പ്രേമശില്പി'യെപ്പോലുള്ള കവിതകളിൽ പൊറ്റെക്കാട്ട് തന്റെ കഥാകഥനപാടവവും കാല്പനികമനസ്സും സമന്വയിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ഉള്ളിലെ കവിയെയും നോവലിസ്റ്റിനെയും വകതിരിക്കുവാനാവില്ല; പലപ്പോഴും അവ പരസ്പരപൂരകങ്ങളായി വർത്തിക്കുകയും ചെയ്യുന്നു. എങ്കിലും സ്വന്തം സാഹിത്യജീവിതത്തിന്റെ രണ്ടാം പാതിയിൽ എസ്. കെ. ക്രിയാത്മകഭാവനയുടെ ഊർജ്ജമെല്ലാം കഥാകഥനത്തിന് മാത്രമായി മാറ്റി വെക്കുകയാണുണ്ടായത്. □

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---